

തൃശ്ശൂർ അതിരൂപത

# സമർപ്പിതദിനം

**Feb- 2** 2021

# തൃശ്ശൂർ അതിരൂപതാ സമർപ്പിതദിനം

## (Feb- 2, 2021)

**സമർപ്പിതദിന പ്രാർത്ഥന**

(ഫെബ്രുവരി 2-ാം തീയതിയോ അല്ലെങ്കിൽ അടുത്തു വരുന്ന ഞായറാഴ്ചയായ 7-ാം തീയതിയോ ഇത് നടത്താവുന്നതാണ്. ഇടവക അതിർത്തിയിലെ എല്ലാ സമർപ്പിതരും ഇടവക പള്ളിയിൽ വെച്ച് ജനങ്ങൾ ഏറ്റവും കൂടുതൽ വരുന്ന കുർബ്ബാനയോടുകൂടി ആചരിക്കുന്നതാണ് ഉത്തമം. കുർബ്ബാനയോടുകൂടിയോ തനിച്ചോ നടത്താവുന്ന ശുശ്രൂഷയുടെ ക്രമമാണ് താഴെ കൊടുക്കുന്നത്.)

**പ്രാർത്ഥനാശുശ്രൂഷ**

[പ്രാർത്ഥനാശുശ്രൂഷയുടെ ആരംഭത്തിൽ സ്വാഗതത്തിനു ശേഷം സമർപ്പിതസമൂഹത്തിന്റെ സുപ്പീരിയർമാർ ഇടവകവികാരിക്ക് കത്തിച്ച തിരി നൽകുന്നു. തുടർന്ന് എല്ലാവരും കൂടി നിലവിളക്ക് തെളിക്കുന്നു, ഈ സമയത്ത് കാർമ്മികൻ താഴെപ്പറയുന്ന പ്രാർത്ഥന ചൊല്ലുന്നു.]

**കാർമ്മികൻ :** ലോകത്തിന്റെ പ്രകാശമായ മിശിഹായെ, അവിടുന്ന് പ്രത്യേകം വിളിച്ച് തെരഞ്ഞെടുത്ത എല്ലാ സമർപ്പിതർക്കും അങ്ങ് പ്രകാശവും ജീവനുമായിരിക്കട്ടെ!

**[കുർബ്ബാന ആരംഭിക്കുന്നു. കുർബ്ബാനയില്ലെങ്കിൽ താഴെപ്പറയുന്ന പ്രാർത്ഥന ഉപയോഗിക്കാവുന്നതാണ്. ]**

**കാർമ്മികൻ:** പിതാവിന്റെയും + പുത്രന്റെയും ...................

**സമൂഹം** : ആമ്മേൻ

**കാർമ്മികൻ**: അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി

**സമൂഹം** : ആമ്മേൻ

**കാർമ്മികൻ:** ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും ...................

**സമൂഹം** : ആമ്മേൻ

**കാർമ്മികൻ:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ...................

**ശുശ്രൂഷി** : നമുക്ക് പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ

**കാർമ്മികൻ** : സ്നേഹനാഥനായ ഈശോയെ, പ്രാർത്ഥനയുടെയും ദൈവികതയുടെയും ഫലമായ സമർപ്പിത ജീവിതം വലിയ ദാനമാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. സ്വന്തം ഇഷ്ടങ്ങളും പദ്ധതികളും മാറ്റിവെച്ച് ദൈവഹിതം അന്വേഷിച്ച് ദൈവരാജ്യവ്യാപനശുശ്രൂഷയിൽ ആയിരിക്കുന്ന എല്ലാ സമർപ്പിതരെയും അനുഗ്രഹിക്കണമേ! പരിശുദ്ധാത്മാവിന്റെ കൃപയാൽ സ്ഥാപകർ നൽകിയ സിദ്ധിക്കനുസരിച്ച് ആത്മാർത്ഥതോടെ ജീവിക്കുവാൻ അവർക്ക് കൃപ നൽകണമെ. കർത്താവിന്റെ രക്ഷാകരകർമ്മങ്ങളെ അനുസ്മരിക്കുന്ന ഈ ശുശ്രൂഷ യോഗ്യതയോടെ പരികർമ്മം ചെയ്യുവാൻ ഞങ്ങളെ പ്രാപ്തരാക്കണമെ. സകലത്തിന്റെയും നാഥാ, എന്നേക്കും

**സമൂഹം** : ആമ്മേൻ

**സങ്കീർത്തനം : [ ഉചിതമായ ഗാനം അല്ലെങ്കിൽ താഴെ നൽകിയിരിക്കുന്ന സങ്കീർത്തനം ഉപയോഗിക്കാവുന്നതാണ്. ]**

**23-ാം സങ്കീർത്തനം ഏറ്റുചൊല്ലുന്നു**

**കാർമ്മികൻ** : ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ സ്നേഹത്തിന്റെ പരിമളം ...................

**സമൂഹം** :

ആമ്മേൻ

**സമൂഹം** : സർവ്വാധിപനാം കർത്താവെ ..................

**ശുശ്രൂഷി** : നമുക്ക് പ്രാർത്ഥിക്കാം

സമാധാനം നമ്മോടുകൂടെ

**കാർമ്മികൻ :** എന്റെ കർത്താവെ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ..................

**സമൂഹം** : ശബ്ദമുയർത്തിപ്പാടിടുവിൻ .................

**ശുശ്രൂഷി** : നമുക്ക് പ്രാർത്ഥിക്കാം

സമാധാനം നമ്മോടുകൂടെ

**കാർമ്മികൻ :** വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന .................

**സമൂഹം** : ആമ്മേൻ

## വായനകൾ

**ഒന്നാം വായന :** പഴയനിയമവായന :1 സാമുവൽ 3 : 1 – 11

**രണ്ടാം വായന :** ലേഖന വായന : ഫിലിപ്പി 3 : 6b – 14

**മൂന്നാം വായന :** സുവിശേഷവായന : യോഹ 15 : 5 – 17

**[അല്ലെങ്കിൽ ഉചിതമായ വായനകൾ ]**

**[ പ്രസംഗം ]**

**കാറോസൂസ :** [ കുർബ്ബാനയിലെ കാറോസൂസക്ക് പുറമെ താഴെ പ്പറയുന്ന പ്രാർത്ഥനകളും ഉചിതമായ മറ്റ് പ്രാർത്ഥനകളും ഉപയോഗിക്കാവുന്നതാണ്. ]

**ശുശ്രൂഷി**: സമർപ്പിതജീവിതത്തിന്റെ ഉറവിടം കുടുംബമാകയാൽ എല്ലാ കുടുംബങ്ങളെയും ദമ്പതികളെയും പ്രത്യേകം അനുഗ്രഹിക്കണമെന്നും, ദൈവം തരുന്ന മക്കളെ സ്വീകരിക്കാനും നല്ലവരായി വളർത്തുവാനും ആവശ്യമായ വരദാനങ്ങൾ അവർക്ക് നൽകണമെന്നും സമർപ്പിതരുടെ മാതാപിതാക്കളെയും ബന്ധുമിത്രാദികളെയും അനുഗ്രഹിക്കണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം** : കർത്താവെ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ

**ശുശ്രൂഷി** : കർത്താവായ ദൈവമെ, ദൈവത്തിന്റെ വിളി തിരിച്ചറിയുവാൻ എല്ലാ യുവജനങ്ങളുടെയും ഹൃദയങ്ങൾ തുറക്കണമെന്നും വിളിക്ക് അനുയോജ്യമായ ജീവിതം നയിക്കുവാൻ അവർക്ക് കൃപ നൽകണമെന്നും നല്ല സമർപ്പിതദൈവവിളികൾ നൽകി സഭയെ അനുഗ്രഹിക്കണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം** : കർത്താവെ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ

**ശുശ്രൂഷി** : സാർവ്വത്രികസഭയുടെ തലവനായ മാർ ഫ്രാൻസീസ് പാപ്പാക്കുവേണ്ടിയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് മെത്രാപ്പോലീത്തക്കു വേണ്ടിയും ഞങ്ങളുടെ അതിരൂപതാദ്ധ്യക്ഷനും പിതാവുമായ മാർ ആൻഡ്രൂസ് മെത്രാപ്പോലീത്തക്കുവേണ്ടിയും മാർ ടോണി മെത്രാനുവേണ്ടിയും മാർ ജേക്കബ്ബ് മെത്രാപ്പോലീത്താക്കുവേണ്ടിയും ഞങ്ങളുടെ ഇടവകയ്ക്കും സമർപ്പിതസമൂഹത്തിന് നേതൃത്വം നൽകുന്നവർക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം** : കർത്താവെ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ

**ശുശ്രൂഷി** : എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ എന്നരുൾചെയ്ത ഈശോയെ, അങ്ങേക്ക് പ്രത്യേകമാംവിധം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന എല്ലാ സമർപ്പിതരേയും ഈ തിരുബലിയിൽ ഞങ്ങൾ കാഴ്ചവെയ്ക്കുന്നു. സമർപ്പിതരുടെ പ്രതിഷ്ഠാജീവിതം തിരുസഭയ്ക്ക് അനുഗ്രഹവും ലോകത്തിന് രക്ഷയുമായി മാറുവാൻ ഇടവരുത്തണമെ. പുതിയ സമർപ്പിത ദൈവവിളികൾകൊണ്ട് സഭയെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം** : കർത്താവെ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ

**[ തുടർന്ന് കാഴ്ചവെപ്പിന്റെ സമാപന**

**ത്തിൽ എല്ലാ സമർപ്പിതരും തിരികൾ കത്തിച്ചുപിടിച്ച് കാർമ്മികൻ ചൊല്ലിക്കൊടുക്കുന്ന വ്രതനവീകരണ പ്രാർത്ഥന ഏറ്റുചൊല്ലുന്നു]**

**കാർമ്മികൻ** : ദൈവരാജ്യസേവനത്തിനായി / അങ്ങേക്കിഷ്ടപ്പെട്ട് / ഞങ്ങളെ വിളിച്ച യേശുനാഥാ/ ദൈവജനനിയായ പരി. അമ്മയുടെയും / ഞങ്ങളുടെ പിതാവായ / മാർ തോമാശ്ലീഹായുടെയും / ഞങ്ങളുടെ സമർപ്പിതസമൂഹത്തിന്റെ / മദ്ധ്യസ്ഥരായ വിശുദ്ധരുടെയും / മദ്ധ്യസ്ഥതയിൽ ആശ്രയിച്ച് / ഞങ്ങളുടെ സമർപ്പിതസമൂഹത്തിന്റെ / നിയമങ്ങളും സിദ്ധിയുമനുസരിച്ച് / അനുസരണം / ബ്രഹ്മചര്യം/ ദാരിദ്ര്യം / എന്നീ വ്രതങ്ങൾ / പാലിച്ച് ജീവിച്ചുകൊള്ളാമെന്ന് / പ്രതിജ്ഞ ചെയ്യുകയും / ഞങ്ങളെത്തന്നെ / ഈശോയുടെ തിരുഹൃദയത്തിന് പൂർണ്ണമായി / സമർപ്പിക്കുകയും ചെയ്യുന്നു. / കരുണയിൽ സമ്പന്നനായ ദൈവം/ ഞങ്ങളെ അനുഗ്രഹിക്കട്ടെ. / ആമ്മേൻ

**[ തുടർന്ന് വി. കുർബ്ബാന ]**

**(സമാപനപ്രാർത്ഥനകൾക്ക്ശേഷം താഴെ വരുന്ന പ്രാർത്ഥന ചൊല്ലികൊടുക്കുന്നു)**

ഞങ്ങളുടെ കർത്താവായ ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുകയും ആരാധിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. സമർപ്പിതജീവിതത്തിലൂടെ അങ്ങയുടെ ജനത്തിന് ശുശ്രൂഷ ചെയ്യുവാൻ അങ്ങ് ഞങ്ങളെ തെരഞ്ഞെടുത്ത് നിയോഗിച്ചിരിക്കുന്നുവല്ലോ. ഇത് ഞങ്ങളുടെ യോഗ്യതയാലല്ല, അങ്ങയുടെ കൃപയാലാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. ഞങ്ങളുടെ കുറ്റങ്ങളും കുറവുകളും ഞങ്ങളോട് ക്ഷമിക്കണമെ. ആദ്ധ്യാത്മികതയിൽ അടിയുറച്ച സമർപ്പിതജീവിതം നയിക്കുവാൻ ഞങ്ങൾക്ക് കൃപ നൽകണമെ. ഞങ്ങളുടെ വിളിക്ക് നിരക്കാത്തതൊന്നും ഞങ്ങളുടെ ജീവിതത്തിൽ സംഭവിക്കാതിരിക്കട്ടെ. സുവിശേഷത്തിന്റെ സന്തോഷം ഞങ്ങളുടെ ജീവിതങ്ങളിലൂടെ പ്രകാശിപ്പിക്കുവാൻ ഞങ്ങളെ ശക്തരാക്കണമെ. മിശിഹായുടെ

മാതാവും അതുവഴി സഭയുടെ അമ്മയുമായ പരിശുദ്ധ കന്യകാ മറിയത്തിന്റെ മാദ്ധ്യസ്ഥ്യം ഞങ്ങളുടെ സമർപ്പിതജീവിതത്തിന് തുണയായിരിക്കട്ടെ. പൗരോഹിത്യത്തിലേക്കും സമർപ്പിതജീവിതത്തിലേക്കും ധാരാളം ദൈവവിളികൾ നൽകി സഭയെ അനുഗ്രഹിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും, ആമ്മേൻ.

**+ മാർ ആൻഡ്രൂസ് താഴത്ത്**
തൃശൂർ അതിരൂപത മെത്രാപ്പോലീത്ത